8251
16/8/14

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വിവിധ കാര്യാലയങ്ങളിലെ ബ്രോഡ്ബാൻഡ്/ടെലിഫോൺ കണക്ഷനുകൾ ഏകീകൃത നിരക്കായ'BSNL Combo ULD 900' എന്ന പ്ലാനിലേയ്ക്ക് മാറ്റുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.480/2014/സാനീവ തിരുവനന്തപുരം, തീയതി, 04.08.2014.

---

പരാമർശം 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 15.07.2014 ലെ IT/7002/2014 നമ്പർ കത്ത്

2. 21.07.2014 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ പ്രവർത്തിക്കുന്ന വിവിധ കാര്യാലയങ്ങളിലായി ശരാശരി 900/- രൂപ വാടക നിരക്കിൽ 370 ടെലിഫോൺ/ ഇന്റർനെറ്റ് കണക്ഷനുകൾ നിലവിലുള്ളതായും എന്നാൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി വകുപ്പിന്റെ പ്രവർത്തനങ്ങൾ, മോണിറ്ററിംഗ് എന്നിവയിലെല്ലാം തന്നെ ഇ.ഗവേണൻസ് പദ്ധതി നടപ്പിലാക്കി വരുന്നതിനാൽ ഇന്റർനെറ്റ് ഉപഭോഗം വർദ്ധിച്ചിട്ടുള്ളതായും ആയതിനാൽ മിക്ക കാര്യാലയങ്ങളിലും ടെലിഫോൺ/ഇന്റർനെറ്റ് ചാർജ് പ്രതിമാസം 1000/- രൂപയിൽ അധികമായി വരുന്നുവെന്നും മിക്ക കാര്യാലയങ്ങളിലും എടുത്തിരുന്നത് കുറഞ്ഞ പ്രീമിയം നിരക്കിലുള്ള ലിമിറ്റഡ് ഡൗൺ ലോഡിംഗ് കണക്ഷൻ ആയതിനാൽ ആയത് മാറ്റി 370 കണക്ഷനുകൾക്കും അൺലിമിറ്റഡ് ഡൗൺലോഡിംഗോടുകൂടിയ ഏകീകൃത കണക്ഷനിലേയ്ക്ക് മാറ്റിയാൽ ടെലിഫോൺ/ഇന്റർനെറ്റ് ചാർജിനത്തിൽ നിലവിൽ ചെലവഴിക്കുന്ന തുക കുറയ്ക്കാൻ സാധിക്കുമെന്നും ആയതിലേയ്ക്ക് വകുപ്പിന്റെ 370 കണക്ഷനുകളും പ്രത്യേക ഓഫറിൽ ഉൾപ്പെടുത്തി പ്രതിമാസ വാടക 720 രൂപയാക്കി നിജപ്പെടുത്തിത്തരാമെന്ന് BSNL-ൽ നിന്ന് അറിയിച്ചിട്ടുള്ള 'BSNL Combo ULD 900' എന്ന പ്ലാനിലേയ്ക്ക് മാറ്റുന്നതിനുള്ള അനുമതി നൽകണമെന്ന പ്രൊപ്പോസൽ പരാമർശത്തിലെ കത്ത് പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ചു. 21.07.2014 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസൽ പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ വരുന്ന 370 ടെലിഫോൺ/ ഇന്റർനെറ്റ് കണക്ഷനുകളും ഏകീകൃത നിരക്കായ 'BSNL Combo ULD 900' എന്ന പ്ലാനിലേയ്ക്ക് മാറ്റുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഡോ. കെ.എം. എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയാ വിഭാഗം,(വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി)
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ